# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1573

16.03.2015 - ൽ
മറുപടിക്ക്

### ഫാമുകളിൽ ജൈവകൃഷി

ചോദ്യം
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.ടി.എൻ.പ്രതാപൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) കൃഷി , മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷി രീതികൾക്ക് മുൻഗണന നല്കികൊണ്ടുള്ള കൃഷി പ്രവർത്തനങ്ങൾ അവലംബി ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതിന് അനുബന്ധ മായി ജൈവ വളത്തിന്റെ ലഭ്യത, എല്ലാ കൃഷി ഫാമുകളിലും ഉറപ്പാക്കാൻ പശു വളർത്തൽ കേന്ദ്രങ്ങൾ എല്ലാ ഫാമുകളിലും ആരംഭിക്കുവാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേയ്ക്കായി ഫാമുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ജൈവ വളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു.<br>ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല,ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാം എന്നിവിടങ്ങളിൽ പശു വളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.<br>പത്തനംതിട്ട ജില്ലയിലെ പന്തളം ഷുഗർകെയിൻ ഫാമിൽ 50 ലധികം പശുക്കളുള്ള ഒരു ഡെയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുല്ലാട് സീഡ് ഫാം, അടൂർ സീഡ് ഫാം എന്നിവയിലും പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു.<br>എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡെയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.<br>കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും, കാങ്ങോൾ സ്റ്റേറ്റ് സീഡ് ഫാമിലും പശുവളർത്തൽ കേന്ദ്ര ങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.<br>കാസർഗോഡ് ജില്ലയിലെ പുല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡെയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ 8 പശുക്കളുള്ള ഡെയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.<br>കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം പാലക്കാട് ജില്ലകളിൽ പശുവളർത്തൽ കേന്ദ്രം ഫാമിൽ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.<br>തൃശ്ശൂർ ജില്ലയിൽ പശുവളർത്തൽ കേന്ദ്രം ഉടനെ തന്നെ ആരംഭിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 4 ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻ ആരംഭി |

ക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

മൃഗസംരക്ഷണ വകുപ്പിൽ 4 പശുവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. (ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് / ജഴ്സിഫാം, വിതുര / ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ / ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല) കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

സി) ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സി) & ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിയ്ക്ക് പ്രാധാന്യം നല്കികൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേയ്ക്കായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെ നിന്നും ലഭിക്കുന്ന ജൈവവളം ഉപയോഗിച്ചുള്ള കൃഷി നടത്തി വരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**